(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഫയലുകൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 20-11-2004-ൽ 84, 199 ഫയലുകൾ സെക്രട്ടേറിയേറ്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ കെട്ടിക്കിടക്കുന്നുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 20-11-2004-വരെ 41,067 ഫയലുകൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

കെട്ടിക്കിടക്കുന്ന ഫയലുകളുടെ തീർപ്പുകൽപ്പിക്കൽ

2 [2] *ശ്രീ. എ. എ. അസീസ് :*

,, *കോവൂർ കുഞ്ഞുമോൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയേറ്റിൽ കെട്ടിക്കിടക്കുന്ന ഒന്നേകാൽ ലക്ഷം ഫയലുകളിൽ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ എത്ര ഫയലുകളിൻമേൽ തീർപ്പുകൽപ്പിച്ചു;

(ബി) ഇനി എത്ര ഫയലുകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്;

(സി) സമയബന്ധിതമായി ഈ ഫയലുകളിൻമേൽ തീർപ്പു കൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഫയലുകളിൻമേൽ തീർപ്പു കൽപ്പിക്കാൻ എത്രനാൾ വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 20-11-2004 വരെ 41,067 ഫയലുകൾ തീർപ്പുകൽപ്പിച്ചു.

(ബി) ഇനി 84,199 ഫയലുകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്.

(സി) & (ഡി) കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വിവിധ വകുപ്പുകളിലെ കെട്ടിക്കിടക്കുന്ന ഫയലുകൾ

3 [3] *ശ്രീ. പി. ജയരാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകളിലായി എത്ര ഫയലുകൾ തീരുമാനം എടുക്കുന്നതിനായി കെട്ടിക്കിടപ്പുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2004 നവംബർ 15-ന് സർക്കാരിന്റെ വിവിധ വകുപ്പുകളിലോരോന്നിലും തീരുമാനം എടുക്കുന്നതിനായി കെട്ടിക്കിടപ്പുള്ള ഫയലുകളെ സംബന്ധിച്ച് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിമാരുടെയും തീരുമാനത്തിനും പരിഗണനയ്ക്കും വേണ്ടി ചീഫ് സെക്രട്ടറിയും വകുപ്പ് അദ്ധ്യക്ഷൻമാരും വഴി സമർപ്പിക്കപ്പെട്ട എത്ര ഫയലുകൾ 2004 നവംബർ 15-ന് ബാക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമർപ്പിക്കപ്പെട്ടതും ഒരാഴ്ചയിലേറെയായി തീരുമാനം എടുക്കാതെ കിടപ്പുള്ളതുമായ മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിമാരുടെയും ഓഫീസുകളിലെ ഫയലുകളെത്ര;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 നവംബർ 15 വരെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ലഭിച്ച നിവേദനങ്ങളുടെയും ഹർജികളുടെയും എണ്ണം വിശദമാക്കാമോ; ഇതിൽ എത്ര എണ്ണത്തിൽ അന്തിമ തീരുമാനം ഇതിനകം എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 1,25,266 ഫയലുകളും വകുപ്പുതലവൻമാരുടെ ഓഫീസുകളിൽ 2,94,107 ഫയലുകളും കെട്ടിക്കിടപ്പുണ്ടായിരുന്നു.

(ബി)— (ഇ) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിമാരുടെ യാത്ര

4 [4] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ആഗസ്റ്റ് 31 വരെ സംസ്ഥാന മന്ത്രിസഭയിലെ ഓരോ അംഗവും എത്ര തവണ ഡൽഹി യാത്ര നടത്തിയിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ കേരളത്തിനുപുറത്ത് ഏതെല്ലാം സംസ്ഥാനങ്ങളിൽ മന്ത്രിമാർ എത്ര തവണ വിമാനയാത്ര നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഓരോ മന്ത്രിമാർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഡി) ഡൽഹി യാത്രയ്ക്ക് ഓരോ മന്ത്രിമാർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. †

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly